# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3065.**

**19-06-2018 ൽ മറുപടിയ്ക്ക്**

## നെൽകൃഷി വികസനം

**ചോദ്യം**

ശ്രീ.കെ.മുരളീധരൻ
,, വി.ടി.ബൽറാം
,, പി.ടി. തോമസ്
,, ഹൈബി ഈഡൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷി വികസനത്തിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിക്കുമ്പോഴും, വർഷംതോറും നെൽവയലുകൾ അപ്രത്യക്ഷമാകുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | 2017-18 കാലയളവിൽ നെൽകൃഷിയുടെ വിസ്തൃതി മുൻവർഷത്തെക്കാൾ വർദ്ധിക്കുകയാണുണ്ടായത്. ഫലപ്രദമായ പദ്ധതികളും, കൃത്യമായ മോണിറ്ററിങ്ങും, ജനകീയ ഇടപെടലുകളും അനുകൂല കാലാവസ്ഥയും കൊണ്ട് വലിയ ഒരു മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>ഭൂവുടമകൾ തൊഴിലാവശ്യങ്ങൾക്കായി പട്ടണങ്ങളിലേക്ക് താമസം മാറ്റുന്നത്, വർദ്ധിച്ച കൂലിച്ചെലവ്, വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം, ഗുണമേന്മയുള്ള ഉല്പാദനോപാധികൾ, യന്ത്രോപകരണങ്ങൾ എന്നിവ യഥാസമയം ലഭിക്കാതിരിക്കൽ, ജലാഗമന നിർഗ്ഗമനത്തിനുള്ള പശ്ചാത്തല സൗകര്യങ്ങളുടെ കുറവ്, നെല്പാടം മറ്റാവശ്യങ്ങൾക്കായി പരിവർത്തനപ്പെടുത്തൽ, വിപണനത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ, മൂല്യവർദ്ധനവിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടം എന്നിങ്ങനെ നിരവധി സാങ്കേതിക, സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണമാണ് നെൽകൃഷിയുടെ വിസ്തൃതി കുറയുന്നത്. ഈ മേഖലകളിലെല്ലാം കൃത്യമായും ഫലപ്രദമായും ഇടപെടലും |

| | | | |
|---|---|---|---|
| | | | അനുകൂലമായ കാലവസ്ഥയും ഉണ്ടായാൽ നെൽകൃഷിയുടെ വിസ്തൃതി കുറയാതെ നിലനിറുത്താനും വർദ്ധിപ്പിക്കാനും സാധിക്കുന്നതാണ്. |
| (ബി) | നെൽകൃഷിക്ക് അനുകൂല സാഹചര്യമുള്ളതും ഉല്പാദന വർദ്ധനയ്ക്ക് സാഹചര്യമുള്ളതുമായ കുട്ടനാട്, ഓണാട്ടുകര തുടങ്ങിയ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക കാർഷിക മേഖല രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | കുട്ടനാട്, ഓണാട്ടുകര തുടങ്ങിയ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക കാർഷിക മേഖല പദ്ധതി നടപ്പിലാക്കി വരുന്നു.<br>സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യ വർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം നേടികൊടുക്കുവാനുമാണ് ഈ പദ്ധതി പ്രകാരം ലക്ഷ്യമിട്ടിട്ടുള്ളത്.<br>നെൽ കൃഷിക്കായി ഏഴ് പ്രത്യേക കാർഷിക മേഖലകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇവ കുട്ടനാട്, കോൾ, പൊക്കാളി, ഓണാട്ടുകര, പാലക്കാട്, വയനാട്, കായ്പ്പാട് എന്നിവയാണ്. |
| (സി) | പ്രത്യേക കാർഷിക മേഖലയിലെ കർഷകർക്ക് എന്തെങ്കിലും പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ; | (സി) | നെൽ കൃഷിക്കായി പ്രഖ്യാപിച്ച പ്രത്യേക 7 കാർഷികമേഖലകളിൽ ഓണാട്ടുകര ഒഴിച്ചുള്ള 6 മേഖലകൾക്ക് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനു നടപ്പ് സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. ഓരോ മേഖലയിലും വിഭാവന ചെയ്യുന്ന പ്രവർത്തനങ്ങളും അവയ്ക്കായി വകയിരുത്തിയ തുക സംബന്ധിച്ച വിവരങ്ങളും ചുവടെ ചേർക്കുന്നു.<br>1. കുട്ടനാട് മേഖലയിൽ വെർട്ടിക്കൽ അക്സിയൽ ഫ്ലോ പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനു 101 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>2. കോൾ മേഖലയ്ക്ക് പെട്ടിയും പറയും മാറ്റി വെർട്ടിക്കൽ അക്സിയൽ ഫ്ലോ |

| | | | |
|---|---|---|---|
| | | | പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും, സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനും, പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനും ബണ്ടുകളിൽ ഭൂവസ്ത്രം പ്രയോഗിക്കുന്നതിനും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി 299.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>3. പൊക്കാളി മേഖലയ്ക്ക് പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 44.31 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>4. പാലക്കാട് മേഖലയ്ക്ക് ജൈവകൃഷി, ജൈവ ബിരിയാണി അരിയുടെ ബ്രാന്റിംഗ്, കാർഷിക കർമസേന ശക്തിപ്പെടുത്തൽ, അഗ്രോ സർവ്വീസ് സെന്ററിനു യന്ത്രോപകരണങ്ങൾ വാങ്ങൽ, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 60.82 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>5. വയനാട് മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരമ്പരാഗതമായി കൃഷി ചെയ്യുന്ന തനതുവിത്തിനങ്ങളുടെ സംരക്ഷണവും വർദ്ധനവും എന്നിവയ്ക്കായി 115 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>6. കായ്പ്പാട് മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 32.9 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.<br>ഓണാട്ടുകര പ്രത്യേക കാർഷിക മേഖലയ്ക്ക് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തുക അനുവദിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത കാർഷിക മേഖലയിലെ കർഷകരെ നിരന്തരം നിരീക്ഷിക്കുന്നതിനും, അവർ നെൽകൃഷി ഉപേക്ഷിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിനും പ്രത്യേകം സംവിധാനം | (ഡി) | പ്രത്യേക കാർഷിക മേഖലകളിലെല്ലാം നെൽകൃഷി വികസന ഏജൻസികൾ നിലവിലുണ്ട്. കർഷകരെ സഹായിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആ സംവിധാനം |

| | | | |
|---|---|---|---|
| | ഒരുക്കുമോയെന്ന് വ്യക്തമാക്കുമോ? | | സഹായിക്കും. പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ഒരു കൃഷി ഡെപ്യൂട്ടി ഡയറക്ടർക്ക് പ്രത്യേക കാർഷിക മേഖലപദ്ധതിയുടെ അതാത് ജില്ലയിലെ പ്രവർത്തനങ്ങളുടെ ചുമതല ഏല്പിച്ചു കൊടുത്തിട്ടുണ്ട്. ഇതിനു പുറമെ ബന്ധപ്പെട്ട ബ്ലോക്കുതല കൃഷി അസ്സിസ്റ്റന്റ് ഡയറക്ടർമാർക്കും കൃഷി ഓഫീസർമാർക്കും പ്രത്യേക കാർഷിക മേഖലാ പദ്ധതി വിജയകരമായി നടപ്പാക്കുന്നതിനും കർഷകരുടെ പങ്കാളിത്തത്തോടെ നെൽ കൃഷിയുടെ വിസ്തൃതിയും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിക്കുന്നത് നിരീക്ഷിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

Mayaf

**സെക്ഷൻ ഓഫീസർ**